സൂര്യൻ ഉദിക്കുന്നതിന് മുൻപും, സൂര്യൻ
അസ്തമിക്കുന്നതിന് മുൻപും നിസ്കരിച്ച ഒരാളും നരകത്തിൽ
പ്രവേശിക്കുകയില്ല
അബൂ സുഹൈർ ഉമാറഃ ബിൻ റുഅയ്ബഃ -هُْنَع هُ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറഞ്ഞു: "സൂര്യൻ
ഉദിക്കുന്നതിന് മുൻപും, സൂര്യൻ അസ്തമിക്കുന്നതിന് മുൻപും നിസ്കരിച്ച ഒരാളും
നരകത്തിൽ പ്രവേശിക്കുകയില്ല."
[صحيح] [رواه مسلم]
സുബ്ഹ് നിസ്കാരവും അസ്വർ നിസ്കാരവും നിർവ്വഹിക്കുകയും, അതിൽ വീഴ്ച വരുത്താതെ പതിവായി
തുടരുകയും ചെയ്യുന്നവർ നരകത്തിൽ പ്രവേശിക്കുന്നതല്ല എന്ന് നബി -صلى الله عليه وسلم- അറിയിച്ചു. ഈ രണ്ട്
നിസ്കാരങ്ങൾ നബി -صلى الله عليه وسلم- പ്രത്യേകമായി പറഞ്ഞത്: അവ (മുനാഫിഖുകൾക്ക്) ഏറ്റവും പ്രയാസമുള്ള
നിസ്കാരങ്ങളായതിനാലാണ്. കാരണം സുബ്ഹ് നിസ്കാരം ഉറക്കം ആസ്വദിക്കപ്പെടുന്ന
സമയത്താണുള്ളത്. അസ്വർ നിസ്കാരമാകട്ടെ, രാവിലെയുള്ള ജോലികളുടെയും കച്ചവടങ്ങളുടെയും
തിരക്കുകൾക്ക് ഇടയിലുമായിരിക്കും. ഈ രണ്ട് നിസ്കാരങ്ങൾ -ഈ പ്രയാസങ്ങളെല്ലാം
ഉണ്ടായിട്ടും- ആരെങ്കിലും ശ്രദ്ധയോടെ നിർവ്വഹിക്കുന്നുണ്ടെങ്കിൽ അവൻ മറ്റു
നിസ്കാരങ്ങൾ എന്തായാലും ശ്രദ്ധിക്കുമെന്നതിൽ സംശയമില്ല.
https://sunnah.global/hadeeth/ml/show/6215